പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 57

# 2017-ലെ ചികിത്സാവകാശമിഷൻ ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.
നോട്ടീസ് നൽകിയത്)

419/2017.

# 2017-ലെ ചികിത്സാവകാശമിഷൻ ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്തെ അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് അവിടെ നിന്നും പ്രതീക്ഷിക്കുന്നത്ര ചികിത്സകളും ഉപദേശങ്ങളും ലഭിക്കാത്തതിനാൽ രോഗികൾക്ക് ഉണ്ടാകുന്ന പലതരത്തിലുള്ള മാനസികവും ശാരീരികവും ആരോഗ്യപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുവാനും ശരിയായ ചികിത്സ രോഗികളുടെ അവകാശമാക്കിത്തീർക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് ശരിയായ ചികിത്സയും രോഗം ഭേദമാകുന്നതിനുള്ള മരുന്നും ലഭിക്കുന്നതിനുമുള്ള അവകാശമാക്കി തീർക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ നിയമത്തിന് 2017-ലെ കേരള ചികിത്സാവകാശമിഷൻ ആക്ട് എന്നു പറയാം;

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—(എ) "സർക്കാർ ആശുപത്രികൾ" എന്നാൽ, സംസ്ഥാനത്തെ മുഴുവൻ പി. എച്ച്. സി., സി. എച്ച്. സി., താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നർത്ഥമാക്കുന്നു;

(ബി) "സ്വകാര്യ ആശുപത്രികൾ" എന്നാൽ, സംസ്ഥാനത്തെ മുഴുവൻ സ്വകാര്യ ആശുപത്രികളും സ്വാശ്രയ മെഡിക്കൽ കോളേജുകളും ക്ലിനിക്കുകളും എന്നർത്ഥമാക്കുന്നു;

(സി) ''ശരിയായ ചികിത്സ'' എന്നാൽ, ആശുപത്രികളിൽ എത്തുന്ന രോഗിക്ക് ശരിയായ രോഗനിർണ്ണയവും രോഗം മാറുന്നതിന് ആവശ്യമുള്ള മരുന്നുകളും രോഗത്തിന്റെ വ്യാപ്തിയും ചികിത്സയുടെ രീതിയും എന്നർത്ഥമാകുന്നു;

(ഡി) ''രോഗി'' എന്നാൽ, രോഗചികിത്സയ്ക്കായോ പരിശോധനയ്ക്കായോ ഒരു ആശുപത്രിയിലോ ക്ലിനിക്കിലോ ലബോറട്ടറിയിലോ എത്തുന്ന ഒരു വ്യക്തി;

(ഇ) ''ലാബ്'' എന്നാൽ, രോഗനിർണ്ണയത്തിന് സഹായമാക്കുംവിധം ഒരു ഡോക്ടർ ആവശ്യപ്പെടുന്ന വിവിധ പരിശോധനകൾ നടത്തുന്ന സർക്കാർ/സ്വകാര്യ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(എഫ്) ''ചികിത്സാവകാശമിഷൻ'' എന്നാൽ, 3-ാം വകുപ്പ് അനുസരിച്ച് രൂപീകരിക്കുന്ന മിഷൻ എന്നർത്ഥമാകുന്നു;

(ജി) ''ഡോക്ടർ'' എന്നാൽ, സ്വകാര്യ, സർക്കാർ ആശുപത്രികളിൽ വിവിധ ആവശ്യങ്ങളുമായി എത്തുന്ന പൊതുജനത്തിന് ചികിത്സകളും മറ്റ് സേവനങ്ങളും നൽകുന്നതിന് യഥാവിധി യോഗ്യതയോടുകൂടി നിയോഗിക്കപ്പെട്ടിട്ടുള്ളയാൾ എന്നർത്ഥമാകുന്നു;

(എച്ച്) ''ആശുപത്രി'' എന്നാൽ, കിടത്തിയോ അല്ലാതെയോയുള്ള ചികിത്സയ്ക്കും പരിചരണങ്ങൾക്കും മറ്റ് പരിശോധനകൾക്കുമായി പൊതുജനം എത്തുന്ന സ്ഥലം.

3. സംസ്ഥാനത്തെ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ശരിയായ ചികിത്സയും മരുന്നുകളും ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ചികിത്സാവകാശമിഷൻ രൂപീകരിക്കേണ്ടതാണ്.

4. (എ) ചികിത്സാവകാശമിഷന്റെ ചെയർമാൻ സർവീസിലുള്ളതോ റിട്ടയർ ചെയ്തതോ ആയ ഒരു ന്യായാധിപൻ ആയിരിക്കും;

(ബി) അദ്ദേഹത്തിന്റെ കാലാവധി മൂന്ന് വർഷമായിരിക്കും.

5. <u>ചികിത്സാവകാശമിഷന്റെ അംഗങ്ങൾ.—</u>

(1) ആരോഗ്യവകുപ്പ് സെക്രട്ടറി;

(2) ആരോഗ്യവകുപ്പ് ഡയറക്ടർ;

(3) ഹോമിയോവകുപ്പ് ഡയറക്ടർ;

(4) ആയുർവേദവകുപ്പ് ഡയറക്ടർ;

(5) തദ്ദേശസ്വയംഭരണവകുപ്പ് ഡയറക്ടർ;

(6) നഗരകാര്യവകുപ്പ് ഡയറക്ടർ;

(7) ആരോഗ്യമേഖലയിൽനിന്നുള്ള മൂന്ന് പ്രവർത്തകർ അതിൽ ഒരാൾ വനിതയും മറ്റൊരാൾ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നിന്നുമുള്ള ആളായിരിക്കണം.

6. ചികിത്സാവകാശമിഷന്റെ ചുമതലകൾ.—(എ) ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ഡോക്ടർമാർ നൽകുന്ന മരുന്നുകളും ചികിത്സാരീതികളും രോഗം മാറുന്നതിനുവേണ്ടിയാണോ എന്നു പരിശോധിക്കുക;

(ബി) ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ആശുപത്രി അധികൃതർ നൽകുന്ന രോഗവിവരവും ചികിത്സയും നൽകുന്ന മരുന്നുകളുടെ ഗുണനിലവാരവും സംബന്ധിച്ച് പരിശോധന;

(സി) ശരിയായ രോഗവിവരം രോഗിയോടും രോഗിയുടെ ബന്ധുക്കളോടും പറയാത്ത ഡോക്ടർമാരെയും ആശുപത്രികളെയും ഈ മേഖലയിൽ നിന്ന് ഒഴിവാക്കുവാൻ നടപടി എടുക്കുക;

(ഡി) അമിത ഫീസ് ഈടാക്കുന്ന ആശുപത്രികളെ നിയന്ത്രിക്കുകയും നടപടി എടുക്കുകയും ചെയ്യുക;

(ഇ) അമിതമായ മരുന്നുവില ഈടാക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുകയും നടപടി എടുക്കുകയും ചെയ്യുക.

7. ജില്ലാതലമിഷൻ.—(എ) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ആയിരിക്കും ജില്ലാതലമിഷൻ ചെയർമാൻ;

(ബി) മൂന്നുവർഷമായിരിക്കും കാലാവധി;

(സി) ജില്ലയിൽ ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും നടപടി ശിപാർശ ചെയ്യുകയും ചെയ്യുക.

8. ജില്ലാതലമിഷനിലെ അംഗങ്ങൾ.—(എ) ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം);

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ);

(സി) ഡി. എം. ഒ. (ആയുർവേദം);

(ഡി) നഗരസഭകളിലെ ഹെൽത്ത് ഓഫീസർമാർ.

9. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) ഈ നിയമപ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന് മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ് നിയമസഭ ചട്ടം ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിനെ അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടാക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. <u>മറ്റു നിയമങ്ങളിന്മേലുള്ള അതിപ്രഭാവം.</u>—ഈ ആക്ടിലെയും അതിന്മേലെടുത്തിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ ആയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്. സർക്കാരിന് പ്രസ്തുത ആക്റ്റ് നടപ്പാക്കുന്നതിനുള്ള ഉറപ്പ് വരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന സമ്പ്രദായത്തിലും രീതിയിലും കാലാനുസൃതമായ മാറ്റം വ്യവസ്ഥ ചെയ്യാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ശരിയായ ചികിത്സയും ചികിത്സാവിവരങ്ങളും ലഭ്യമല്ലാത്തതിനാൽ അതിന് പരിഹാരം ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

മിഷന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദുചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണ കാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.